"ഭരണഭാഷ- മാതൃഭാഷ"

**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ T5071** 27.06.2019 ൽ മറുപടി **നൽകേണ്ടിയിരുന്നത്**

**അപകടത്തിൽപ്പെടുന്ന ഇൻഷ്വറൻസ് ചെയ്യാത്ത വാഹനങ്ങളുടെ ലേലം**

| ചോദ്യം<br>**ശ്രീ.ഡി.കെ. മുരളി** | | മറുപടി<br>**പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അപകടങ്ങളിൽപ്പെടുന്ന ഇൻഷ്വറൻസ് ചെയ്യാത്ത വാഹനങ്ങൾ ഉടമസ്ഥർക്ക് വിട്ടുനൽകാതെ ലേലം ചെയ്തുവിൽക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കേരള മോട്ടോർ വാഹന ചട്ടങ്ങൾക്ക് 2018-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ള 391(A) ചട്ട പ്രകാരം, അപകടങ്ങളിൽപ്പെടുന്ന തേർഡ് പാർട്ടി ഇൻഷ്വറൻസ് കവറേജ് ഇല്ലാത്ത വാഹനങ്ങൾ കോടതി ഉത്തരവില്ലാതെ പിടിച്ചെടുക്കുവാൻ മാത്രമേ പോലീസിന് അധികാരമുള്ളൂ. അത്തരം വാഹനങ്ങളുടെ ലേലം ഉൾപ്പെടെയുള്ള മറ്റു നടപടികൾ സ്വീകരിക്കുന്നതിന് കോടതി ഉത്തരവ് ആവശ്യമാണ്. |
| (ബി) | പ്രസ്തുത വ്യവസ്ഥ പ്രാബല്യത്തിൽ വന്നിട്ടുണ്ടെങ്കിൽ ആയതിനുശേഷം ഇപ്രകാരം എത്ര വാഹനങ്ങൾ ലേലം ചെയ്തിട്ടുണ്ടെന്നും, എത്ര രൂപ ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | അപകടത്തിൽപ്പെടുന്ന ഇൻഷ്വറൻസ് ഇല്ലാത്ത വാഹനങ്ങൾക്ക് മോട്ടോർ വാഹന നിയമപ്രകാരം പിഴ ഈടാക്കി ഇൻഷ്വറൻസ് പുതുക്കിയ ശേഷം ഉടമസ്ഥന് വിട്ട് നൽകുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട കോടതികളിൽ ഹാജരാക്കി ഉത്തരവ് പ്രകാരം പ്രവർത്തിക്കുകയോ ആണ് ചെയ്യുന്നത്. കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ വാഹനങ്ങളുടെ ലേലം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ